GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 - 2318186, 2317314

Editor Farm News - Dr. Amritha V.S

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 15/09/2026

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തവനൂർ, കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചറൽ എഞ്ചിനീറിംഗ് ആൻഡ് ഫുഡ് ടെക്നോളജി കോളേജിൽ ആർ.എഫ് മോഡിൽ നടത്തുന്ന ബി.ടെക് അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് പ്രോഗ്രാമ്മിലെ സി.യു.ഇ.ടി.(ഐ.സി.എ.ആർ-യു.ജി.) 2026 യോഗ്യതയായുള്ള ഒഴിവുള്ള സീറ്റുകളിലേക്ക് സെപ്റ്റംബർ 17 ന് വെള്ളാനിക്കര കാർഷിക സർവ്വകലാശാലശാലയുടെ പഴയ ആസ്ഥാന മന്ദിരത്തിൽ സ്ഥിതി ചെയ്യുന്ന ഡയറക്ടർ ഓഫ് എജ്യുക്കേഷന്റെ ഓഫീസിൽ വെച്ച് സ്പോട്ട്

അഡ്മിഷൻ നടത്തുന്നു. യോഗ്യത, പ്രവേശന രീതി, ഫീസ് തുടങ്ങിയ വിശദവിവരങ്ങൾക്ക് www.admissions.kau.in എന്ന സർവകലാശാല വെബ് പോർട്ടൽ സന്ദർശിക്കുക. കൂടുതൽ അന്വേഷണങ്ങൾക്ക് 0487-243-8139 എന്ന ഫോൺ നമ്പരിൽ ഓഫീസ് സമയത്ത് ബന്ധപ്പെടാവുന്നതാണ്.

2. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന **"തേനീച്ച വളർത്തൽ"** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ കോഴ്സിന്റെ പുതിയ ബാച്ച് **2026 സെപ്റ്റംബർ 23** ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കൈകാര്യം ചെയ്യുന്ന ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് https://celkau.in/elearning/reg.php എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. ഒക്ടോബർ 2 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഇതിനായി കമ്പ്യൂട്ടറോ മൊബൈൽ ഫോണോ (സ്മാർട്ട് ഫോൺ) ഉപയോഗിക്കാം. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ്

ഈടാക്കുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് **സെപ്റ്റംബർ 23** മുതൽ യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് 0487-2438566 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

3. നെടുമങ്ങാട് വെള്ളനാട് മിതാനികേതൻ കൃഷിവി ജ്ഞാനകേന്ദ്രത്തിന്റെ ആഭി മുഖ്യത്തിൽ സെപ്റ്റംബർ 17ന് സൗജന്യ കൂൺകൃഷി പരിശീലനം സംഘടിപ്പിക്കുന്നു. താൽപ്പര്യമുള്ള കർഷകർ 9446911451 എന്ന ഫോൺ നമ്പരിൽ 16ന് മുമ്പ് രജിസ്റ്റർ ചെയ്യുവുന്നതാണ്.

4. കേരള മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വെച്ച് മുട്ടക്കോഴി വളർത്തൽ എന്ന വിഷയത്തിൽ സൗജന്യ പരിശീലന പരിപാടി സെപ്റ്റംബർ 18 ന് സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർക്ക് നേരിട്ടോ ഓഫീസ് സമയങ്ങളിൽ 04829-234323 എന്ന ഫോൺ നമ്പറിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

5. കേരള മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള മലമ്പുഴ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **"ഇറച്ചിക്കോഴി വളർത്തൽ"** എന്ന വിഷയത്തിൽ സെപ്റ്റംബർ 16ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വെച്ച് രാവിലെ 10 മണി മുതൽ 5 മണി വരെ സൗജന്യ പരിശീലനം ഉണ്ടായിരിക്കും. താൽപര്യമുള്ളവർക്ക് പ്രവർത്തിദിവസങ്ങളിൽ ഓഫീസ് സമയത്ത് വിളിച്ച് മുൻക്കൂട്ടി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. പരിശീലനത്തിനു എത്തുന്നവർ ആധാർക്കാഡിന്റെ പകർപ്പ് കൊണ്ടുവരേണ്ടതാണ്.